ഇവർക്കെല്ലാ ദിവസങ്ങളിലും ജോലിലഭിക്കാൻ സാധ്യതയില്ല. എന്നാൽ എല്ലാ കാഷ്വൽ ജീവനക്കാർക്കും ഒഴിവുകളുണ്ടാകുന്നതനുസരിച്ച് റൊട്ടേഷന്റെ അടിസ്ഥാനത്തിൽ തുല്യമായി ജോലി നൽകിവരുന്നുണ്ട്.

കയർഫെഡ് എം.ഡി. യുടെ ഡൽഹി സന്ദർശനം

34 (3115)ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. പി.ജെ. ജോയി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യാവസായവും സാമൂഹ്യക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡ് എം.ഡി. ഏറ്റവും ഒടുവിൽ ഡൽഹി സന്ദർശനം നടത്തിയതെന്നാണ്;

(ബി) അദ്ദേഹം അതിനുവേണ്ടി സഞ്ചരിച്ചിരുന്ന അതേ വിമാനത്തിൽ വ്യവസായ വകുപ്പുമന്ത്രിയും സഞ്ചരിച്ചിരുന്നോ;

(സി) അവർ ഓരോരുത്തരും സഞ്ചരിച്ചിരുന്നത് ഏതു ക്ലാസ്സിൽ ആയിരുന്നു;

(ഡി) മന്ത്രിമാരും എം.ഡി. മാരും ഈ ക്ളാസ്സിൽ സഞ്ചരിക്കുന്നതിന് എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തികൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർ വിമാനയാത്ര ചെയ്യുന്നതിന് എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് പറയുമോ;

(എഫ്) ഗവൺമെന്റ് ഏർപ്പെടുത്തിയ വിലക്ക് ലംഘിച്ചവരുടെ മേൽ എന്തു നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 7.3.2000-ൽ

(ബി) സഞ്ചരിച്ചിരുന്നു.

(സി) വ്യവസായ വകുപ്പുമന്ത്രി എക്കോണമി ക്ലാസ്സിലും, കയർഫെഡ് എം.ഡി. എക്കോണമിക് ക്ളാസ്സിന്റെ ടിക്കറ്റിൽ ബിസ്സിനസ്സ് ക്ളാസ്സിലും ആണ് സഞ്ചരിച്ചത്.

(ഡി) ഉദ്യോഗസ്ഥർ ഇക്കോണമി ക്ളാസ്സിൽ മാത്രമേ സഞ്ചരിക്കാവൂ എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) എല്ലാ ഉദ്യോഗസ്ഥന്മാരും സംസ്ഥാനത്തിനു പുറത്ത് വിമാനയാത്ര നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. എന്നാൽ ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ സർക്കാർ അനുമതിയോടുകൂടി ഡൽഹിയിലേക്ക് വിമാനത്തിൽ യാത്ര ചെയ്യാം.

(എഫ്) വിലക്ക് ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly